**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 347** **27-06-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്കൂളുകളിൽ വാർഷികപദ്ധതികളിലും മറ്റും ഉൾപ്പെടുത്തി എന്തൊക്ക സൗകര്യങ്ങളാണ് നടപ്പാക്കുവാൻ കഴിയുന്നതെന്ന് വിശദീകരിക്കുമോ; | (എ) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്കൂളുകളിൽ വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു |
| (ബി) | കമ്പ്യൂട്ടറും അനുബന്ധ സാധനസാമഗ്രികളും വാങ്ങിനൽകുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണുള്ളതെന്ന് വിശദമാക്കുമോ; | (ബി) | സ്കൂളുകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ**,** അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്.**14/02/2022** ലെ സ.ഉ(സാധാ) നം.**830/2022/**ജി.ഇ.ഡി.എൻ എന്ന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളത്. |
| (സി) | കമ്പ്യൂട്ടറൈസേഷന് തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സ്ഥാപിച്ച ഇൻഫർമേഷൻ കേരള മിഷൻ തീരുമാനിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് കമ്പ്യൂട്ടറും അനുബന്ധ സാധനസാമഗ്രികളും സ്കൂളുകൾക്ക് വാങ്ങി നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് വാങ്ങേണ്ടതാണ് |
| (ഡി) | ഐ.കെ.എം നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് നടത്തിയ വാങ്ങലുകൾ ആഡിറ്റ് വകുപ്പ് അംഗീകരിക്കാതെ വന്നതിനെ തുടർന്ന് സ്കൂൾമേധാവികളുടെയും മറ്റു നിർവഹണ ഉദ്യോഗസ്ഥരുടെയും പേരിൽ വൻ തുക ബാധ്യതയാക്കുന്ന വിവരം അന്വേഷിക്കുമോ; | (ഡി) | ഐ.കെ.എം  നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് നടത്തിയ വാങ്ങലുകൾ ആഡിറ്റ് വകുപ്പ് അംഗീകരിക്കാതെ വന്നതിനെ തുടർന്ന് സ്കൂൾ മേധാവികളുടെയും മറ്റു നിർവഹണ ഉദ്യോഗസ്ഥരുടെയും പേരിൽ വൻ തുക ബാധ്യതയാകുന്നത് സംബന്ധിച്ച് വിവരം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഇ) | വിദ്യാഭ്യാസ വകുപ്പ് വർഷങ്ങൾക്ക് മുൻപ് നിശ്ചയിച്ച സ്പെസിഫിക്കേഷനും നൽകാവുന്ന | (ഇ) | സ്കൂളുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ പൊതു വിദ്യാഭ്യാസ വകുപ്പാണ് |

| | | | |
|---|---|---|---|
| | പരമാവധി വിലയും തദ്ദേശസ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | | നിശ്ചയിക്കുന്നത് |
| (എഫ്) | സ്വകാര്യ സ്കൂളുകൾ ഉപയോഗിക്കുന്നതുപോലെ ഉയർന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സാധനസാമഗ്രികൾ വാങ്ങി സ്കൂളുകളുടെ നിലവാരം ഉയർത്തണമെന്ന  ശിപാർശകൾ അംഗീകരിക്കുവാൻ ഭരണഘടനാ സ്ഥാപനങ്ങളായ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോയെന്ന് വിശദീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിയ്ക്കുമോ? | (എഫ്) | മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.പൊതുവിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ പ്രകാരമുള്ള കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്കൂളുകളിൽ വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളുടെ വിവരങ്ങൾ</u>**

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- പഠന നിലവാരം ഉയർത്തുക. വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.കെ , വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- സ്കൂളുകളിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.
- എല്ലാ സ്കൂളുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് അടുക്കള, ഡൈനിംഗ് ഹാൾ, ടോയിലറ്റ് എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.
- സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ അവയുടെ നടത്തിപ്പിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും ശുചിത്വം ഉറപ്പാക്കാനുള്ള സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുക എന്നതുമാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല.
- സർക്കാർ സ്കൂളുകളിൽ യു.പി. വിഭാഗം (ഏഴാം ക്ലാസ്) വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലേയും തീരദേശമേഖലയിലേയും സ്കൂളുകളിൽ ഈ പരിപാടി നിർബന്ധമായും നടപ്പിലാക്കണം. അദ്ധ്യാപക – രക്ഷാകർതൃ സമിതിയുടെ ചുമതലയിൽ നടപ്പാക്കുന്ന ഈ പ്രോജക്റ്റിന് സ്പോൺസർഷിപ്പിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണ്. സർക്കാർ സ്കൂളുകളിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിലെ യു .പി വിഭാഗം വരെയുമുള്ള അർഹരായ കുട്ടികൾക്കും പ്രഭാതഭക്ഷണം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കാവുന്നതാണ്. സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന യു .പി വിഭാഗം വരെയുള്ള കുട്ടികളുടെ പ്രഭാത ഭക്ഷണത്തിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്.
- എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം കുടിവെള്ളവും യൂറിനലുകളും ടോയിലറ്റും വാഷ്ബെയിസിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.

- സർക്കാർ ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ .പി, യുപി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- സ്കൂളുകളിലെ ജൈവ വൈവിധ്യ ഉദ്യാനം , മാലിന്യസംസ്കരണ പരിപാടി, ഊർജ്ജ പരിപാടി എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്.

- വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന 'നിർഭയ' പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്, ജൂഡോ കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധന കലകളിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്.
- സ്കൂൾ ആരോഗ്യ പരിപാടി ഫലപ്രദമാക്കുന്നതിനുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ മേന്മവൽക്കരണത്തിന് പ്രാധാന്യം നൽകുന്ന പ്രൊജക്ടുകളും ഏറ്റെടുക്കാവുന്നതാണ്.